സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: വ്യത്യസ്ത റേറ് ഈടാക്കിയിട്ടില്ലെന്ന ഗവൺമെണ്ടിന് അറിയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള: വ്യത്യസ്ത റേറ് പിരിക്കുന്നവരുടെ മേൽ ഗവൺമെണ്ട് നടപടി എടുത്തിട്ടുണ്ട്.

ശ്രീ. ഈപ്പൻ ജോൺ: വ്യത്യസ്ത റേറ് പിരിക്കുന്ന ബസ്സിന്റെ പേരിൽ ശിക്ഷാനടപടി എടുക്കുന്നതാണെന്ന ഗവൺമെണ്ട് പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ടൊ?

ശ്രീ. ടി. കെ. നാരായണപിള്ള: മോട്ടോർ വെഹിക്കിൾസ് ആക്ടിൽ അതിന് ചില വ്യവസ്ഥകൾ ഉണ്ട്. ആ വ്യവസ്ഥകൾ അനുസരിച്ച് നടപടി എടുക്കും.

ബസ്സ് ചാർജ്ജ്

* ഫാ. വ്യ. (ഒ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) മദ്രാസിലും, മൈസൂറിലും മറ്റും സാധാരണ സ്റ്റേറ് ട്രാൻസ്പോർട്ട് ബസ്സുകളിലേയും എക്സ്പ്രസ്സ് ബസ്സുകളിലേയും ചാർജ്ജ് ഒരു മൈലിന് എന്താണെന്നറിയാമോ;

(ബി) ഇവിടത്തെ ട്രാൻസ്പോർട്ട് ചാർജ്ജ് അതിൽനിന്ന വ്യത്യസ്തമാണോ;

(സി) അണെങ്കിൽ അങ്ങനെ വ്യത്യസ്തമാകാൻ കാരണമെന്ത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) മദ്രാസിലെ സിറ്റി സർവ്വീസിൽ ആദ്യത്തെ ഒരു മൈലിനു ശേഷം പിന്നീടുള്ള ഓരോ മൈലിനും ആറ് പൈവീതവുമാണ് ചാർജ്ജ്. മൈസൂറിലെ ചാർജ്ജ് നിരക്കിനെ സംബന്ധിച്ച് ഇപ്പോൾ അറിവില്ല.

(ബി) ഇവിടത്തെ സിറ്റി സർവ്വീസിൽ ഏഴ പൈയും സാധാരണ സർവ്വീസിൽ ആറ പൈയും എക്സ്പ്രസ്സിൽ ഒമ്പതു പൈയും ആണ് ഒരു മൈലിനുള്ളതു.

(സി) ഇവിടെയുള്ള സാമ്പത്തിക നിലയെ പരിഗണിച്ചാട്ടാണ് റേറ് നിശ്ചയിച്ചിട്ടുള്ളതു. മദ്രാസിൽ എത്ര പരിഗണനയിലാണെന്ന അറിഞ്ഞുകൂടാ. അതുകൊണ്ട് രണ്ടിടത്തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണവും വ്യക്തമല്ല

പഞ്ചായത്ത് തിരഞ്ഞെടുപ്പ്

* ഫാ. (ന) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗ്രാമപ്പഞ്ചായത്ത് തെരഞ്ഞെടുപ്പ് എന്ന നടത്തണമെന്നാണ് ഗവൺമെണ്ട് ഉദ്ദേശിക്കുന്നതു;

(ബി) സമ്മതിദായകരുടെ ലിസ്റ്റ് പുതിയായാലുടനെ ഗ്രാമപ്പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതാണെന്ന് ഗവൺമെണ്ട് പ്രസ്താവിച്ചിട്ടുണ്ടോ;

(സി) ലിസ്റ്റ് എന്നത്തേക്ക് പുതിയാകും?

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ:)

(എ) പഞ്ചായത്തു രൂപീകരണത്തിനു ശേഷം തിരഞ്ഞെടുപ്പു നടത്തുന്നതാണു്.

(ബി) ഉണ്ടു്.

(സി) ജൂലൈ മാസത്തിൽ പൂർത്തിയാകുമെന്നു വിചാരിക്കുന്നു.

മദ്യനിരോധനം

* ക്രമ ൦. (൭) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ മദ്യനിരോധനം പരിപൂർണ്ണമാക്കണമെന്നു് ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ;

(ബി) അതു് എത്ര നാൾകൊണ്ടു് പൂർണ്ണമാക്കണമെന്നാണു് ഗവൺമെണ്ടു് വിചാരിക്കുന്നതു്;

(സി) മദ്യനിരോധനം തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ പരിപൂർണ്ണമാക്കിയാൽ ഒരു കൊല്ലം ഈ സ്റ്റേറ്റിനു് എന്തു നഷ്ടം ഉണ്ടാകുമെന്നു് പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) ഇന്ന കാലാവധിക്കുള്ളിൽ എന്നു തീർച്ചപറയുവാൻ നിവൃത്തിയില്ല.

(സി) ഉദ്ദേശം മൂന്നു കോടി രൂപ.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അടുത്തകൊല്ലം ഏതെങ്കിലും താലൂക്കിൽ മദ്യനിരോധനം നടപ്പാക്കുവാൻ വിചാരമുണ്ടോ?

ശ്രീ. സി. കേശവൻ: ബഡ്ജറിലെ പ്രൊവിഷൻ അനുസരിച്ചു് ചെയ്യുന്നതാണു്.

ശ്രീ. സി. വി. ഐയ്യു: പഴയ കൊച്ചിയിലെ തൃശ്ശിവപേരൂർ താലൂക്കിലേക്കും കൊച്ചികണയന്നൂർ താലൂക്കിലേക്കും മദ്യനിരോധനം വ്യാപിക്കാത്തതിന്റെ കാരണം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: കൂടുതൽ സ്ഥലങ്ങളിൽ മദ്യനിരോധന മേഖലയാക്കണമെന്നു ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ളപക്ഷം അവിടെയൊക്കെ മദ്യനിരോധനം നടപ്പാക്കുന്നതാണു്.

ശ്രീ. സി. വി. ഐയ്യു: പഴയ തിരുവിതാംകൂറിൽ കൂടുതൽ സ്ഥലത്തു മദ്യനിരോധനം നടപ്പാക്കുന്നതോടൊപ്പം കൊച്ചിയിലും നടപ്പാക്കുവാൻ ദയവുണ്ടാകുമോ?

Mr. Speaker: That has been answered.

ஸ்ரீ. ஏ. சிதம்பரநாத நாடார்: பழய கொச்சி, புதிய கொச்சி, பழய திருவிதாங்கூர், புதிய திருவிதாங்கூர் என்று இந்த நாட்டிலுண்டா?

Mr. Speaker: The Government cannot be called upon to explain those terms used in questions.

ഹരിജനോദ്ധാരണം

*ക്രമ ക. (൬) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഹരിജനോദ്ധാരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly